**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5164** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ള കാർഷിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കർഷകർക്ക് അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ? | (എ) | ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കർഷകർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നൽകി വരുന്നു.<br><br>സംസ്ഥാനവിഷ്കൃത പദ്ധതിയായ പച്ചക്കറി വികസന പദ്ധതിയിൽ സങ്കരയിനം പച്ചക്കറി വിത്ത് പാക്കറ്റുകളും അത്യുൽപ്പാദനശേഷിയുള്ള പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്കും പൊതുജനങ്ങൾക്കും നൽകുന്നുണ്ട്.<br><br>അഞ്ച് ഇനം ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ ഉല്പാദിപ്പിക്കുന്നതിന്റെ നടപടികൾ വി.എഫ്.പി.സി.കെ മുഖാന്തിരം സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ തണ്ണിമത്തൻ, കുക്കുമ്പർ എന്നിവയുടെ സങ്കരയിനം വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കേരള കാർഷിക സർവ്വകലാശാലയിൽ പുരോഗമിക്കുന്നുണ്ട്.<br><br>നാളികേര വികസന പദ്ധതിയിൽ നാളികേര വികസന കൗൺസിലിന്റെ ഭാഗമായി സങ്കരയിനം തെങ്ങിൻ തൈകളും അത്യുൽപ്പാദനശേഷിയുള്ള കുറിയയിനം തൈകളും WCT തൈകളും സബ് സിഡി നിരക്കിൽ എല്ലാ വർഷവും വിതരണം ചെയ്തുവരുന്നു.<br><br>"പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പഴവർഗ്ഗങ്ങളുടെ അത്യുൽപ്പാദനശേഷിയുള്ള ഗ്രാഫ്റ്റുകൾ, ലേയറുകൾ, ബഡ്ഡഡ് തൈകൾ, ടിഷ്യൂ കൾച്ചർ വാഴ തൈകൾ എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | മേൽ പറഞ്ഞ സംസ്ഥാനാവിഷ്കൃത പദ്ധതികൾ കൂടാതെ കേന്ദ്ര വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ (NFSM) പദ്ധതിയിലൂടെയും അത്യുല്പാദനശേഷിയുള്ള നെൽ വിത്ത്, പയർ വർഗ്ഗങ്ങൾ എന്നിവയുടെ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി സഹായങ്ങൾ നൽകുന്നുണ്ട്. മിഷൻ ഫോർ ഇൻറഗ്രേറ്റഡ് ഡലവെപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയുടെ ഭാഗമായി പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും മികച്ച വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനു സഹായം നൽകുന്നു.<br><br>ഇത് കൂടാതെ പ്രാദേശിക സർക്കാറുകൾ (ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ) വഴി ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗ വിളകൾ, സൂഗന്ധ വ്യഞ്ജനങ്ങൾ, നാളീകേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കളും സബ്സിഡി നിരക്കിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നുണ്ട്.<br><br>കൂടാതെ ഉയർന്ന നിലവാരമുള്ള വിത്തുകളും തൈകളും ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുവാൻ സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ തയ്യാർ ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം കേരള സ്റ്റേറ്റ് മെക്കനൈസേഷൻ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ